"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് -കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് -വാർഷിക പദ്ധതി 2024-25- ഭൂവിനിയോഗ ബോർഡ് ശാക്തീകരണം- ബോധവൽക്കരണ പരിപാടി- മേഖല സെമിനാർ സംഘടിപ്പിക്കൽ - ഭരണാനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.384/2024/P&EA തീയതി,തിരുവനന്തപുരം, 17-10-2024

---

പരാമർശം:-

1. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് കമ്മീഷണറുടെ 29.05.2024 ലെ എൽ.യു.ബി/ 138/2024/എ നമ്പർ കത്ത്.
2. 25.06.2024 ൽ നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. 17.07.2024 തീയതിയിലെ സ.ഉ.(അച്ചടി) നം. 57/72024/ധന.
4. 31.08.2024 തീയതിയിലെ സ.ഉ.(അച്ചടി) നം. 76/72024/ധന.
5. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് കമ്മീഷണറുടെ 25.07.2024 ലെ എൽ.യു.ബി/ 139/2024/എ നമ്പർ കത്ത്.
6. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് കമ്മീഷണറുടെ 26.09.2024 ലെ എൽ.യു.ബി/ 139/2024/എ നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി പ്ലാൻ പദ്ധതികളിലുൾപ്പെടുത്തി ഭൂവിനിയോഗ വ്യതിയാനം എന്ന വിഷയത്തിൽ സംസ്ഥാനതല സെമിനാർ നടത്തുവാൻ വിഭാവനം ചെയ്തിരുന്നതായും പ്രസ്തുത സെമിനാർ continuing scheme ആയ ഭൂവിനിയോഗ ബോർഡ് ശാക്തീകരണം (Strengthening State Land Use Board -2402-00-001-98 പ്ലാൻ) എന്ന സ്കീമിന്റെ കീഴിൽ വരുന്ന ഒരു ഘടകമാണെന്നും “തെങ്ങ് അധിഷ്ഠിത കൃഷി സമ്പ്രദായങ്ങളിലെ ഭൂവിനിയോഗ വ്യതിയാനം” എന്ന വിഷയത്തിൽ സെമിനാർ നടത്തുന്നതിനായി കേന്ദ്രകിഴങ്ങു വിള ഗവേഷണ കേന്ദ്രം, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരുമായി ചർച്ചകൾ നടത്തുകയും വകുപ്പുമായി ചേർന്ന് സംയുക്തമായി സെമിനാർ നടത്തുന്നതിന് ടി സ്ഥാപനങ്ങളിൽ നിന്ന് സന്നദ്ധത അറിയിച്ചിരുന്നതായും എന്നാൽ നാളിതുവരെ ഭരണാനുമതി ലഭ്യമാകാത്ത

സാഹചര്യത്തിൽ 100 ദിനപരിപാടികളിലുൾപ്പെട്ട സെമിനാർ സമയബന്ധിതമായി നടത്താനാകാത്ത സാഹചര്യമാണുള്ളതെന്നും 100 ദിനപരിപാടികളിലുൾപ്പെട്ട പദ്ധതികൾ ഒക്ടോബർ 22 നകം പൂർത്തീകരിക്കണമെന്നു കർശന നിർദ്ദേശമുള്ളതിനാൽ പ്രസ്തുത സെമിനാർ സമയബന്ധിതമായി സംഘടിപ്പിക്കുന്നതിനും ആയതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിനുമുള്ള അനുമതി ലഭ്യമാക്കണമെന്നും ഭൂവിനിയോഗ കമ്മീഷണർ പരാമർശം (6) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ഭൂവിനിയോഗ ബോർഡ് ശാക്തികരണം (Strengthening State Land Use Board -2402-00-001-98 പ്ലാൻ) എന്ന സ്കീമിന്റെ കീഴിൽ വരുന്ന Awareness Programme എന്ന ഘടകത്തിന്റെ ഉപ ഘടകമായ മേഖല സെമിനാർ (Regional Seminar) സംഘടിപ്പിക്കൽ എന്ന പദ്ധതിയ്ക്ക് 1.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. 2024-25 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ, 25.06.2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അനുമതി ലഭിച്ചിട്ടുള്ള ഘടകങ്ങൾക്ക് മുൻഗണന നിശ്ചയിച്ച്, പരാമർശം (5) പ്രകാരം കമ്മീഷണർ ലഭ്യമാക്കിയിട്ടുള്ള പുതുക്കിയ പ്രൊപ്പോസൽ, പരാമർശം (3),(4) ഉത്തരവുകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പദ്ധതി തുക പുനഃക്രമീകരണം നടത്തി ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്.

3 .സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 100 ദിനപരിപാടികളിലുൾപ്പെട്ട പദ്ധതികൾ ഒക്ടോബർ 22 നകം പൂർ ത്തീകരിക്കേണ്ടതുള്ളതിനാൽ , കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് കമ്മീഷണർ ലഭ്യമാക്കിയിട്ടുള്ള പുതുക്കിയ പ്രൊപ്പോസലിന് ചീഫ് സെക്രട്ടറി തല കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പായി, ഈ വിഷയം പ്രത്യേകമായി പരിഗണിച്ച്, ഭൂവിനിയോഗ ബോർഡ് ശാക്തീകരണം (Strengthening State Land Use Board -2402-00-001-98 പ്ലാൻ) എന്ന സ്കീമിന്റെ കീഴിൽ വരുന്ന Awareness Programme എന്ന ഘടകത്തിന്റെ ഉപഘടകമായ മേഖല സെമിനാർ (Regional Seminar) സംഘടിപ്പിക്കൽ എന്ന പദ്ധതിയ്ക്ക് **1.50 ലക്ഷം രൂപയ്ക്ക് (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)**ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഭൂവിനിയോഗ കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് തിരുവനന്തപുരം.

2. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്
5. ഇൻഫർമേഷൻ ടെക്‌നോളജി വകുപ്പ്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്
7. ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
Date: 18-10-2024 11:46:17

സെക്ഷൻ ഓഫീസർ